പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 599** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>വൈദ്യുതി വിതരണ ശൃംഖല, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ എന്നിവയുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഫൈസൽ ബാബു

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് വീടുകളിലും സ്ഥാപനങ്ങളിലും സോളാർ വൈദ്യുതി ഉൽപ്പാദനം വർധിച്ചുവരുന്ന സാഹചര്യത്തിൽ കൂടുതൽ ഉപഭോക്താക്കൾക്ക് സോളാർ വൈദ്യുതി ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിന് ആവശ്യമായ വിതരണ ശൃംഖലയുടെ ശേഷി വർധിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി. പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്. സോളാർ വൈദ്യുതി ഉൽപ്പാദനം വർധിച്ചുവരുന്ന സാഹചര്യത്തിൽ കൂടുതൽ പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളെ തടസ്സരഹിതമായി ഗ്രിഡുമായി സംയോജിപ്പിക്കുന്നതിനായി 2027-28 മുതൽ 2031-32 വരെയുള്ള കാലയളവിലേക്കുള്ള Distribution Capital Investment Plan ആയി പരിഗണനയിൽ ഉള്ള Dyuthi 3.0-ൽ ആവശ്യമായ വിതരണ ശൃംഖലാ വികസനത്തിനും വിതരണ ട്രാൻസ്ഫോർമറുകളുടെ ശേഷി വർധനയ്ക്കും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സോളാർ വൈദ്യുതി സംയോജനം മൂലം ശേഷി പരിധിയിലെത്തുന്ന Distribution Transformers കണ്ടെത്തി അവയുടെ ശേഷി വർധിപ്പിക്കുന്നതിനും Dyuthi 3.0 മാർഗനിർദ്ദേശങ്ങളിൽ പ്രത്യേകമായി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, പുനരുപയോഗ ഊർജത്തിന്റെ ഗ്രിഡ് സംയോജനത്തിനായി വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് 86 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**(ബി)** സോളാർ കണക്ഷനുകൾ വർധിക്കുന്നതിനനുസരിച്ച് ശേഷി കുറവുള്ള ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ കണ്ടെത്തി അവയുടെ ശേഷി വർധിപ്പിക്കുന്നതിനായി ജില്ലാതലത്തിലോ മേഖലാതലത്തിലോ പദ്ധതി നടപ്പാക്കുന്നുണ്ടോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** സോളാർ കണക്ഷനുകൾക്കായി അപേക്ഷിക്കുന്ന ഉപഭോക്താക്കൾക്ക് ട്രാൻസ്ഫോർമർ കപ്പാസിറ്റി പരിമിതി മൂലം കാത്തിരിക്കേണ്ട സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ട്രാൻസ്ഫോർമറിന്റെ ആകെ ശേഷിയുടെ 90% മാണ് renewable energy integration സാധ്യമാകുന്നത്. സംസ്ഥാനത്ത് സോളാർ വൈദ്യുതി ഉൽപ്പാദനം വർധിച്ചതിനാൽ നിലവിൽ ആകെയുള്ള 90000 ട്രാട്രാൻസ്ഫോർമറുകളിൽ 1084 എണ്ണം ട്രാൻസ്ഫോർമറുകൾ 90% Solar

threshold-ൽ എത്തിയതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരം transformer capacity constraints പരിഹരിക്കുന്നതിനായി DTR capacity enhancement ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ Dyuthi 3.0-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**